# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1313 06.03.2018-ൽ മറുപടിയ്ക്ക്.

## വള്ളം കളി മത്സരത്തിന് അംഗീകാരം നൽകൽ

| ചോദ്യം<br><br>ശ്രീ.കെ. ആൻസലൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ചെങ്കൽ ഗ്രാമപഞ്ചായത്ത് നടത്തുന്ന ചെങ്കൽ ജലോത്സവത്തിന് (വള്ളം കളി മത്സരം) 2017-18 സാമ്പത്തിക വർഷത്തിലെ പ്രോജക്റ്റ് അംഗീകാരം നൽകുന്നതിന് പഞ്ചായത്ത് ഭരണ സമിതി നൽകിയ പ്രൊപ്പോസലിന്മേൽ കോർഡിനേഷൻ കമ്മിറ്റി എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) | 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന വലിയകുളം ജലോത്സവം പ്രോജക്ട് നം 317/18, തനത് ഫണ്ട് 5 ലക്ഷം രൂപ എന്ന പ്രോജക്ട് ജില്ലാ ആസൂത്രണസമിതി അംഗീകാരം നൽകാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്ന ആവശ്യം വികേന്ദ്രീകൃത ആസൂത്രണ കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 23/8/2017 ൽ നടന്ന യോഗം പരിശോധിക്കുകയും ആയത് വകുപ്പുതലത്തിൽ പരിഗണിക്കേണ്ടതാണെന്ന് 3.31 നമ്പരായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വള്ളം കളി മത്സരങ്ങൾ, ഓണാഘോഷ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് സർക്കാർ അനുമതിയോടെ 2016 മുതൽ 2017 വരെ എത്ര പഞ്ചായത്തുകൾക്ക് തുക അനുവദിച്ച നൽകിയിട്ടുണ്ട്; എത്ര രൂപയാണ് ഓരോ പഞ്ചായത്തുകൾക്കും നൽകിയിട്ടുള്ളത് എന്ന് | (ബി) | വള്ളം കളി മത്സരങ്ങൾ, ഓണാഘോഷ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് പഞ്ചായത്തുകൾക്ക് സർക്കാർ തുക അനുവദിച്ചു നൽകിയിട്ടില്ല, എന്നാൽ സർക്കാർ അനുമതിയോടെ 2016 മുതൽ 2017 വരെ താഴെ പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വിശദമാക്കാമോ; | | **തിരുവനന്തപുരം ജില്ല**<br>ചിറയിൻകീഴ് ജലോത്സവം നടത്തിപ്പിന് ചിറയിൻകീഴ്, വർക്കല താലൂക്കുകളിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും 10000/-രൂപയിൽ കവിയാത്ത തുക വിനിയോഗിക്കുന്നതിനും<br>കള്ളിക്കാട് ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓണം വാരാഘോഷത്തിന് നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും പരമാവധി 10,000/- രൂപ ചെലവഴിക്കുന്നതിനും അനുമതി നല്കിയിട്ടുണ്ട്.<br>**കൊല്ലം ജില്ല**<br>കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലെ 10 ഗ്രാമപഞ്ചായത്തുകൾക്ക് മഹാത്മാ അയ്യങ്കാളി ട്രോഫി വള്ളംകളിയുടെ സംഘാടന ചെലവുകൾക്ക് ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും 10,000/- രൂപാ വരെ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയിട്ടുണ്ട്.<br>**പത്തനതിട്ട ജില്ല**<br>വള്ളംകളി മത്സരം സംഘടിപ്പിക്കുന്നതിന് ആറന്മുള ഗ്രാമപഞ്ചായത്തിന് 1,05,000/- രൂപയും അയിരൂർ ഗ്രാമപഞ്ചായത്തിന് 50,000/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.<br>**കോട്ടയം ജില്ല**<br>കുമരകം ഗ്രാമപഞ്ചായത്തിന് - 50000/- രൂപയും തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന് 19750/- രൂപയും അനുവദിച്ചിട്ടുണ്ട്.<br>**തൃശ്ശൂർ ജില്ല**<br>തൃശ്ശൂർ ജില്ലയിലെ 3 ഗ്രാമപഞ്ചായത്തുകൾക്ക് വള്ളംകളി മത്സരങ്ങൾക്കായി തനത് ഫണ്ടിൽ നിന്നു 4,60,000/- രൂപ നൽകിയിട്ടുണ്ട്. മണലൂർ ഗ്രാമപഞ്ചായത്തിന് 2016/17 വർഷങ്ങളിലായി 4,00,000/- രൂപ നൽകിയിട്ടുണ്ട്. ഓണാഘോഷ പരിപാടികൾക്കായി 2 ഗ്രാമ പഞ്ചായത്തുകൾ 1,20,000 രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | <u>മലപ്പുറം ജില്ല</u><br>1 ആലംകോട് 20,000/- രൂപ<br>2 എടപ്പാൾ 10,000/- "<br>3 കാലടി 10,000/- "<br>4 മാറഞ്ചേരി 25,000/- "<br>5 നിറമരുതൂർ 25,000/- "<br>6 പുറത്തൂർ 1,00,000/- "<br>7 തവനൂർ 10,000/- "<br>8 വട്ടംകുളം 16,000/- " |
| (സി) | വള്ളം കളി മത്സരം , ഓണാഘോഷം എന്നിവ നടത്തുന്നത് പ്രോജക്റ്റ് ആയി നടപ്പിലാക്കാൻ സംസ്ഥാനത്തിലെ എത്ര പഞ്ചായത്തുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; | (സി) | തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ്, പത്തനംതിട്ട ജില്ലയിൽ ആറൻമുള, അയിരൂർ തൃശ്ശൂർ ജില്ലയിൽ മണലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഡി) | ഓണാഘോഷം, വള്ളം കളി മത്സരം എന്നിവ പഞ്ചായത്തുകൾ നടത്തുന്നതിനു തുക വിനിയോഗിക്കാൻ നിലവിൽ സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ അതിന്റെ വിശദാംശം (ജി.ഒ. നമ്പർ ഉൾപ്പെടെ) നൽകുമോ? | (ഡി) | ഇത് സംബന്ധിച്ച് പൊതുവായ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

Saradadevi

സെക്ഷൻ ഓഫീസർ